**കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 54**

**04/02/2013 ലെ മറുപടിക്ക്**

**<u>സർക്കാർ ജീവനക്കാരുടെ പണിമുടക്ക് അവസാനിപ്പിക്കുന്നതിന് നൽകിയ ഉറപ്പുകൾ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക് | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) | 2013 ജനുവരിയിൽ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്ക് അവസാനിച്ചത് എന്നാണ് ; | 13.01.2013 ലാണ് പണിമുടക്ക് അവസാനിച്ചത് |
| (ബി) | പണിമുടക്ക് അവസാനിപ്പിച്ചത് എന്തെങ്കിലും പുതിയ ഉറപ്പ് ലഭിച്ചിട്ടായിരുന്നോ ; | 13.01.2013 ൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് പണിമുടക്ക് അവസാനിച്ചത് |
| (സി) | പണിമുടക്കാരംഭിക്കുന്നതിന് മുൻപ് മുഖ്യമന്ത്രി സർവ്വീസ് സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ നൽകിയ ഉറപ്പിന് പുറമെ മറ്റേതെങ്കിലും പുതിയ വാഗ്ദാനങ്ങൾ പണിമുടക്ക് അവസാനിപ്പിക്കുന്നതിനായി സർക്കാർ നൽകിയിരുന്നോ ; എങ്കിൽ അത് ഏതൊക്കെ; | 13.01.2013 ലെ ചർച്ചയുടെ അടിസ്ഥാനത്തിലാണ് പണിമുടക്ക് അവസാനിച്ചത്. ഈ ചർച്ചയിലെ തീരുമാനങ്ങൾ ചുവടെ നൽകുന്നു :<br>(1) 2013 ഏപ്രിൽ 1ന് ശേഷം NPS നടപ്പിലാക്കിക്കഴിയുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം. അത് പരിശോധിക്കുന്നതിന് ഗവൺമെന്റ് ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതാണ്.<br>(2) മിനിമം റിട്ടേൺ, EPF പെൻഷനിൽ കുറവുവരാൻ പാടില്ല എന്ന് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. PFRDA ബിൽ നിയമമാകുമ്പോൾ ഒരു assured return scheme ഉണ്ടാവുന്നതാണ്.<br>(3) NPS പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരളാ ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുവാൻ |
| (ഡി) | ഇല്ലെങ്കിൽ ആരംഭിച്ച പണിമുടക്ക് അവർ സ്വമേധയാ അവസാനിപ്പിക്കുകയായിരുന്നോ ; വ്യക്തമാക്കുമോ ? | |

| | | |
|---|---|---|
| | | PFRDA ക്ക് എഴുതുന്നതാണ്.<br><br>(4) 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരും എന്ന് വീണ്ടും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.<br><br>(5) സമരത്തിൽ പങ്കെടുത്തു എന്ന ഒറ്റക്കാരണം കൊണ്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അനുഭാവപൂർവ്വം<br>പുന:പരിശോധിക്കുന്നതാണ് ഓരോ കേസ്സും<br>അതാതിന്റെ മെരിറ്റിൽ പരിശോധിക്കുന്നതാണ്. |

Baijarani

**സെക്ഷൻ ഓഫീസർ.**